# ഇടശ്ശേരിക്കവിതയിലെ ധ്വനി

ഡോ. എം. ലീലാവതി

ഭൂതവർത്തമാനഭവിഷ്യൽക്കാലങ്ങളെ ഹ്രസ്വമായ ഒരായുസ്സിൽ സമന്വയിക്കുക എന്ന പ്രക്രിയ അത്യന്തവിരളം എന്നു സമ്മതിച്ചേപറ്റൂ. ആ സമന്വയം സാധിച്ച മലയാളകവികളിൽ ഒരു പ്രമുഖ സ്ഥാനം ഇടശ്ശേരിക്കുണ്ട്. ഇടശ്ശേരിയിലുള്ള ജീവത്തായ സമൂഹനരശബ്ദമാണ് അധികം ഉച്ചത്തിൽ മുഴങ്ങിക്കേട്ടിട്ടുള്ളതെങ്കിലും അതാണ് അധികം പേരെ ആകർഷിച്ചിട്ടുള്ളതെങ്കിലും അദ്ദേഹത്തിലെ കേവലമനുഷ്യൻ നിദ്രാണനായിരുന്നില്ല. ഇക്കാര്യത്തിലും സമന്വയസൗന്ദര്യത്താലനുഗ്രഹീതമാണ് അദ്ദേഹത്തിന്റെ കവിത.

സമൂഹനഗരജീവിതത്തിനുമുണ്ട് ഒന്നിലേറെ തലങ്ങൾ പ്രധാനമായി രണ്ടെണ്ണം വിശാലസമൂഹതലം; ഗാർഹികതലം. ഈ ദ്വിതയത്തിലും തുല്യതൽപ്പരനാണ് ഇടശ്ശേരി.

### തത്ത്വശാസ്ത്രങ്ങളുടെ ഉറക്കം

ഇടശ്ശേരിയുടെ 'തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിതയുടെ അകത്തളത്തിലേക്കൊന്നു വരൂ, സഹോദരാ. അവിടെ കീറിപ്പറിഞ്ഞ കുപ്പായം തുന്നിക്കൂട്ടിക്കൊണ്ടിരിക്കുന്ന പാവം കുമ്മിണിയെ ഒരുനോക്കു കാണു. നല്ലപോലെ രണ്ടാമതൊന്നുകൂടി നോക്കൂ. 'ചിന്മയൻ മകൻ കുഞ്ഞിവായ്തുറന്നപ്പോൾ' ഗോപിക അതിൽ വിശ്വം കണ്ടതുപോലെ, ദൈന്യം വായ്ക്കുന്ന ആ മുഖത്ത് നമ്മുടെ പാവം നാടിന്റെ മുഖച്ഛായ പ്രതിഫലിക്കുന്നതു കാണാം. അവൾ തുന്നിക്കൂട്ടുന്ന ആ കുപ്പായത്തിൽ എത്ര തുന്നിക്കൂട്ടിയാലും നേരെയാവാത്ത കീറിപ്പറിഞ്ഞ നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയേയും കാണാം. എത്ര ആഴത്തിലും എത്ര അകലേക്കും കാണാനുള്ള കണ്ണുകളാണ് ആ ഇടച്ചേരിക്കാരനുണ്ടായിരുന്നത്! ആ കണ്ണുകൾ എന്നേക്കുമായി അടഞ്ഞുവോ? ഇല്ല. തങ്ങളുടെ കവിതയെ സമീപിക്കുന്ന വരുംതലമുറകൾക്കെല്ലാം വേണ്ടി കവിതയിലൂടെ നേത്രദാനം ചെയ്തതിന്നു ശേഷമാണ് ഋഷികൾ (വെളിച്ചം കിട്ടിയവർ) മൺമറയുന്നത്. കവിതയിലൂടെ അവരുടെ കണ്ണുകളെക്കൊണ്ടു നമുക്കു കാണാം.

ഒരു പഴയ തറവാടിന്റെ തകർച്ച കണ്ടു കണ്ണീർതൂകിയ കണ്ണുകളാണ് 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിതയിൽ നമുക്കുവേണ്ടി തുറക്കുന്നത്. ആ പഴയ തറവാട് നമ്മുടെ ഈ ചിരപുരാതന രാജ്യം തന്നെയാണ്.

### മൂന്നു മുറി – ഒരു പുര

തറവാട്ടിൽ മൂന്ന് അംഗങ്ങളുണ്ട്. അച്ഛനും മകനും മകളും. അച്ഛൻ പഴയ തത്വശാസ്ത്രങ്ങളുടേയും മകൻ പുതിയ തത്വശാസ്ത്രങ്ങളുടേയും പ്രതിനിധികളാണ്. മകൾക്ക് ഒരു തത്വശാസ്ത്രവുമില്ല. അവൾ ഒരു നല്ല ഭർത്താവിനെ സ്വപ്നംകണ്ടുകൊണ്ടു കഴിയുന്നു. വീട്ടിലെ ദാരിദ്ര്യം പോക്കാനോ അവൾക്കൊരു രക്ഷകനെ കണ്ടെത്താനോ അവരുത്സാഹിക്കുന്നില്ല. അച്ഛൻ വിശ്വാസിയാണ്. ജോത്സ്യത്തിലും വിശ്വാസമുണ്ട്. ജാതകം പരിശോധിച്ചപ്പോൾ വിധി അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു, മകൾക്ക് ഏറെക്കാലം പൂത്തിരിക്കാനാണ്' യോഗം എന്ന് . അധ്യാത്മരാമായണം 'കമ്പോടുകമ്പ്' തോന്നുന്ന അദ്ദേഹത്തിനു വിധിവിഹിതം അലംഘനീയമെന്നു സ്ഥാപിക്കാൻ പററിയ പ്രമാണങ്ങളുദ്ധരിക്കാൻ കഴിയും. ജാതകത്തിൽ എഴുതിവച്ചിരിക്കുന്നതിനെ മാററാനാരെക്കൊണ്ടാവും? തലയിലെഴുത്തു തലോടിയാൽ പോവുമോ? മകനോ? അയാൾക്കു മാർക്സിയൻ തത്വജ്ഞാനം വെള്ളമാണ്' എന്നുവച്ചാൽ പഠിച്ച് ഹൃദിസ്ഥമാക്കിയിട്ടുണ്ട്. ബൂർഷ്വാസിയുടെ തറവാടു തകരുകതന്നെ വേണമെന്ന് പ്രമാണഗ്രന്ഥത്തിലുണ്ട്. സ്ത്രീ ക്രയത്തിനുള്ള സാധനമല്ലെന്നും ഗാർഹസ്ഥ്യക്കരാറുകൾ ചരിത്രപരമായ ഒരാവശ്യമാണെന്നും അവർക്കു ബോധ്യപ്പെടുന്നെങ്കിൽ അവ സ്വീകരിക്കാൻ അവൾക്കു സ്വാതന്ത്ര്യമുണ്ടെന്നുമാണ് അയാളുടെ സമീപനരീതി. തനിക്കെന്തെങ്കിലും ചുതലയുണ്ടെന്ന് അയാൾക്ക് തോന്നുന്നതേയില്ല. തനിക്കു ചുമതലയുള്ളത് അധ്വാനിക്കുന്ന ജനവർഗത്തോടാണ്. പാവം കുമ്മിണിക്ക് ഈ വാദങ്ങളുടെയൊന്നും പൊരുൾ തിരിഞ്ഞില്ല.'

'തിരിയാതെല്ലാം കേട്ടു തന്നുടെ മുണ്ടും ബ്ളൗസും
പെരികെപ്പേർത്തും പേർത്തും കുമ്മിണി തുന്നിക്കൂട്ടി!'

കഥ ഇതുവരെ കേൾക്കുമ്പോൾ നിങ്ങൾക്കു രഹസ്യം പിടികിട്ടുകയും 'കേഴുക പ്രിയനാടേ', എന്നു നിങ്ങളുടെ മനസ്സുമന്ത്രിക്കുകയും ചെയ്യും. എല്ലാം വിധിപോലെ വരട്ടെ എന്ന് അനാസ്ഥ കൊള്ളുന്നവരാണ് ഉത്തരവാദപ്പെടേണ്ടവരിലൊരു വിഭാഗം. "എന്തിനു കരയുന്നു? ദാരിദ്ര്യവും അനാഥാവസ്ഥയും വിധികൽപ്പിതമാണ്. സഹിക്കുകയേ തരമുള്ളൂ" എന്നാണ് അവരുടെ സമീ

പനം. മററൊരു വിഭാഗമാകട്ടെ പുതിയ വിശ്വാസപ്രമാണങ്ങളെപ്പററി വാതോരാതെ പ്രസംഗിക്കുകയും 'ചരിത്രസത്യം' എന്ന് നിരന്തരം ഉരുവിടുകയും ചെയ്യുന്നതേയുള്ളു. ചരിത്രത്തെ വ്യാഖ്യാനിക്കുക മാത്രം ചെയ്ത് പഴഞ്ചൻ വിശ്വാസപ്രമാണങ്ങൾക്കെതിരായി ചരിത്രം നിർമിക്കുന്നുവെന്ന പുതിയ വിശ്വാസപ്രമാണങ്ങളുടെ അവകാശവാദത്തിന്നൊത്തു പ്രവർത്തിക്കാൻ മുതിരാതെ അത് അകർമണ്യതയിലാണ്ടുപോകുന്ന നാട് അധികമധികം ദരിദ്രമാകുന്നു. മലവെള്ളംപോലെ കുത്തിയൊലിച്ചുവരുന്ന ദാരിദ്ര്യത്തിന്റെ വിതാനരേഖ പൊങ്ങിപ്പൊങ്ങി വരുന്നു. ഭക്ഷണത്തിന്നുവേണ്ടി തുറക്കുന്ന വായ്കളുടെ എണ്ണം പെരുകുക, ഭക്ഷണം ഉല്പാദിപ്പിക്കേണ്ട കൈയുകൾ അധ്വാനിക്കാൻ മടിക്കുക മുതലായ കാരണങ്ങളെ നിയന്ത്രണാതീതമായ വിധിയായി പരിഗണിക്കയും 'തലയിലെഴുത്ത്' എന്നു പരിതപിക്കുകയും ചെയ്യുന്ന പിതൃവർഗമോ വിപ്ലവതത്വശാസ്ത്രങ്ങളുടെ പേരിൽ ശപഥങ്ങൾ ചെയ്തുകൊണ്ടേയിരിക്കുന്ന പുത്രവർഗമോ കുമ്മിണിയായ ജനതതിയുടെ ദുഃസ്ഥിതിക്കു പരിഹാരം കണ്ടെത്തുന്നില്ല. കീറിപ്പറിഞ്ഞ വ്യവസ്ഥിതി തുന്നിച്ചേർത്തു നാണം മറയ്ക്കാൻ അവർ നിയുക്തരാവുന്നു.

'അധികാരം കൊയ്യണമാദ്യം നാം' എന്ന് ഗർജിച്ച കർഷകത്തൊഴിലാളിയെ സൃഷ്ടിച്ച ഇടശ്ശേരിയാണ് കുറച്ചു കൊല്ലങ്ങൾകൊണ്ടു വന്നുചേർന്ന ഈ പരിണാമം കണ്ട് വ്യഥപൂണ്ട് തത്വശാസ്ത്രങ്ങൾ ഉറങ്ങിക്കിടന്നാലെന്തുണ്ടാവുമെന്നു കാട്ടിത്തരുന്നത്. തത്വശാസ്ത്രവക്താക്കളേയും രാഷ്ട്രമീമാംസാപണ്ഡിതന്മാരേയും തൃപ്തിപ്പെടുത്താൻവേണ്ടി തന്റെ സത്യസന്ധതയെ ബലികൊടുക്കാൻ അദ്ദേഹം സന്നദ്ധനല്ലായിരുന്നു. കുമ്മിണിയുടെ അനന്തരകഥയിലൂടെ കവി കാട്ടിത്തരുന്നത് നാടിന്റെ അനന്തരകഥതന്നെയാണ്.

## പൊട്ടിയ ചരട്–പുതിയ ബന്ധം

കുമ്മിണിക്ക് എന്തു സംഭവിക്കുന്നു? ഒരു രാത്രി മൂന്നാംയാമം കഴിയാറായി. അവൾ എണീററു ഭദ്രദീപം കൊളുത്തി. പായ ഇട്ട് ഒരു കിണ്ടിവെള്ളം എടുത്തുവച്ചു. അച്ഛന് ഹരിനാമകീർത്തനത്തിന്നിരിക്കാൻ വേണ്ടുന്ന ഒരുക്കങ്ങളാണവ. ഏട്ടനു പതിവായി 'കിടക്കച്ചായ' വേണം. അതു കൂട്ടി 'ശയ്യോപാന്ത'ത്തിൽ കൊണ്ടുവച്ചു. എന്നിട്ട് വാതിലിന്റെ തഴുതുനീക്കി– അപ്പോൾ അവളുടെ ഉള്ളിലൊരു മിന്നൽ പാഞ്ഞു. തുറന്ന വാതിലിലൂടെ അടിച്ചുകയറിയ ശൈത്യം അവളെ പുളകപ്പൂമാലയണിയിച്ചു. ഉമ്മറത്ത് ഇറങ്ങിയിട്ട് അവൾ വീടിനെ ഒന്നു തിരിഞ്ഞുനോക്കി. കുടുംബദൈവങ്ങളേയും അച്ഛനേയും ജ്യേഷ്ഠനേയും മനസാ പ്രണമിച്ചു. ഗുരുവായൂരപ്പന് നാലണവഴിപാടുനേർന്ന് മുണ്ടിന്റെ കോന്തലപ്പത്തു കെട്ടി. അങ്ങനെ വീണ്ടെടുത്ത ധൈര്യത്തോടെ അവൾ ഉമ്മറപ്പടിയിറങ്ങി. നെഞ്ചു പറകൊട്ടുന്നു. കാൽ വിറയ്ക്കുന്നു. ഒരു നിമിഷം നിന്നു. അപ്പോൾ പടിക്കൽ ഒരു അടയാളദീപം മിന്നി. അതുനോക്കി അവളുടെ കാലുകൾ നീങ്ങി. ആ വിളക്ക് തനിക്കു ഭാഗ്യതാരകമാകുമെന്ന് അവൾ ആശിച്ചു. എങ്കിലും തന്റെ അമ്മ വന്നുകയറിയതെങ്ങനെ, താൻ ഇറങ്ങിപ്പോകുന്നതെങ്ങനെ, എന്നതിലെ വൈപരീത്യമോർത്ത് അവളുടെ കണ്ണുകൾ നിറഞ്ഞു. താലികെട്ടിയ അമ്മ ഭദ്രദീപം കണ്ടു വലതുകാൽ മുന്നിൽവച്ചു കയറിവന്നത് ഈ വിട്ടിലേക്കാണല്ലോ – താനോ? പടിക്കൽ കണ്ട വിളക്കിന്റെ പിന്നാലെ നഗ്നമായ കഴുത്തുമായി ഇറങ്ങിപ്പോകുന്നു. താൻ ചെയ്യുന്നതൊരു കടുംകൈയല്ലേ? മനസ്സിന്റെ അധീരത അവളുടെ കാൽവയ്പിനെ ബാധിച്ചു. കല്ലിൽ കാലിടറി... എങ്കിലും അവൾ മുന്നോട്ടുവെച്ച കാൽ പിന്നോട്ടു വലിച്ചില്ല. കല്യാണമാവട്ടെ, കുല്യാണമാവട്ടെ.

കുമ്മിണിയുടെ ഈ പോക്കിന്റെ പരിണാമമെന്തായി എന്നു വ്യക്തമായിട്ടില്ല. പക്ഷേ, സൂചിപ്പിച്ചിട്ടുണ്ട്. അവളുടെ കാലിടറിയത് മനസ്സിന്റെ അധീരതകൊണ്ടുതന്നെയാണ്. പഴയ ആചാരവിശ്വാസാദികളുടെ നടുവിൽ വളർന്നു വന്ന അവൾക്ക് കല്ലിൽ കാലിടറിയത് ഒരു ദുശ്ശകുനമായിത്തോന്നിയിരിക്കും. ഈ അപശകുനചിന്ത അവളുടെ ഭാവിയെത്തന്നെ ബാധിക്കയും ചെയ്യും. ഗതികെട്ട് ഒരുത്തന്റെ പിന്നാലെ ഇറങ്ങിത്തിരിച്ചതാണെന്നു വ്യക്തം. അവൾക്കും അവളുടെ തറവാടിന്റെ അന്തസ്സിനും ചേർന്ന ബന്ധമാണെന്ന വിശ്വാസം അവൾക്കുണ്ടായിരുന്നെങ്കിൽ ആ പുരുഷന്റെകൂടെ വെളുക്കുംമുൻപ് ഒളിച്ചോടിപ്പോകേണ്ട ആവശ്യം വരുമായിരുന്നില്ലല്ലോ. പകൽവെളിച്ചത്തുവന്ന് അവളെ ആവശ്യപ്പെടാൻ അയാൾക്കു കഴിയുമായിരുന്നു. തന്റെ കുടുംബത്തിന്റെ നിലയ്ക്കും വിലയ്ക്കും നിരക്കാത്ത ഒരുത്തന്റെകൂടെയാണ് അവൾക്ക് ഒളിച്ചോടിപ്പോകേണ്ടിവന്നിരിക്കുന്നത്. മററൊരു പോംവഴിയുമില്ലാതെയാണിതു ചെയ്യുന്നത്. 'ഒരുമ്പെട്ടവൾ!' എന്ന് ലോകവും സമുദായവും ഭർത്സിച്ചേക്കാം. അവൾ അതിനെ തെല്ലും വിലവയ്ക്കാത്ത ഒരു തികഞ്ഞ തന്റേടക്കാരിയൊട്ടല്ലതാനും. എങ്കിലും പുരുഷന്റെ സാമീപ്യം കൊതിക്കുന്ന തരുണിയാണ് അവൾ. പ്രകൃതിയുടെ വിളി. അതിനെ ചെറുത്തുനിൽക്കാൻ അവൾക്കു കഴിവില്ല. അതുകൊണ്ട് അവൾ ഇറങ്ങിപ്പോവുകതന്നെ ചെയ്തു. പിടിച്ചതു പുളിങ്കൊമ്പാണെന്ന ഉറപ്പൊന്നുമില്ല. അതുകൊണ്ട് എല്ലാം അവൾ ഈശ്വരനിൽ സമർപ്പിക്കുന്നു. ആ നാലണയ്ക്കു പകരമായി ഗുരുവായൂരപ്പൻ അവളുടെ ഭാവി സുരക്ഷിതമാക്കിക്കൊടുക്കുമെന്ന വിശ്വാസമാണ് അവൾക്കു തുണ. അവളെ വിളിച്ചിറക്കിക്കൊണ്ടു പോകുന്നവൻ അ

വൾക്ക് എല്ലാംകൊണ്ടും യോജിക്കുന്നവനല്ല എന്ന സൂചന കവി കവിതയ്ക്കു നൽകിയ അടിക്കുറിപ്പിലൂടെയും വ്യക്തമാക്കിയിട്ടുണ്ട്. "പഴയ തലമുറ ഭക്തിയിലും പുതിയതു രാഷ്ട്രീയക്കാര്യങ്ങളിലും ആമഗ്നമാകെ, കെട്ടിമേയാതെ കിടക്കുന്ന പഴയ തറവാടുകൾ താരതമ്യേന നിസ്സാരന്മാരും അവഗണിക്കപ്പെടുന്നവരുമായ ഒരുകൂട്ടം ആളുകളുടെ കൈകളിലേക്കു വഴുതിപ്പോയിക്കൊണ്ടിരിക്കുന്ന കാഴ്ച ഇന്നെവിടെയും ദുർലഭമല്ല."

## ഈ കല്യാണം എത്രകാലം?

ഗതികെട്ട ജനതതി, രക്ഷിക്കാൻ കഴിവില്ലാത്തവനായിത്തീർന്നേക്കാവുന്ന ഭർത്താവിനെ തെരഞ്ഞെടുക്കുന്ന കഥയാണ് കുമ്മിണിയുടെ ഈ ഇറങ്ങിപ്പോക്കിൽ കവി കാട്ടിത്തരുന്നത്. കുമ്മിണിയെപ്പോലെ പാവമാണ് ഈ ജനതതി. വിദ്യാഭ്യാസമില്ല. സ്വതന്ത്രചിന്തയില്ല. ഭർത്താവിനെ (ഭരണകർത്താവിനെ) നിലയ്ക്കുനിർത്താൻ വേണ്ടുന്ന പ്രാഗൽഭ്യമില്ല. ഭരിക്കാനൊരുത്തൻ വേണമെന്ന നിയതിനീതിക്കു വശംവദയായി ചൂട്ടുകാണിച്ചു വിളിക്കുന്നവന്റെ പിറകെ ഇറങ്ങിത്തിരിക്കുന്നു. നല്ല ഭർത്താവിനെ തിരഞ്ഞെടുത്തു കൊടുക്കേണ്ടത് അറിവും വിദ്യാഭ്യാസവും ചിന്തിക്കാൻ കഴിവും പ്രവർത്തിക്കാൻ ശക്തിയുമുള്ള ഉപരിവിഭാഗത്തിന്റെ കർത്തവ്യമാണ്. അവരുടെ അനാസ്ഥയും അകർമണ്യതയും താഴ്ന്ന വിഭാഗത്തെ അരക്ഷിതത്വത്തിലേക്കു തള്ളിവിടുന്നു. താരതമ്യേന നിസ്സാരന്മാരായവരുടെ കൈകളിലേക്കു നാടു വഴുതിവീഴുന്നു. ഇതു കല്യാണമല്ല, കുല്യാണമാണ്.

വിപ്ലവതത്ത്വശാസ്ത്രം മോചനം നൽകുമെന്നു തീവ്രമായി അഭിലഷിക്കുകയും വിശ്വസിക്കുകയും ചെയ്ത ഇടശ്ശേരിക്ക് തന്റെ സ്വപ്നങ്ങൾ കൺമുന്നിൽവെച്ചു തകരുന്നതു കാണുമ്പോൾ അതു വ്യഥയോടെ വിളിച്ചുപറയാതിരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അവസാനംവരെ, പല തവണ കെട്ടുപോയ പ്രത്യയശാസ്ത്രവിശ്വാസത്തിരികളെ സ്നേഹമൊഴിച്ചു വീണ്ടും വീണ്ടും കത്തിച്ചുവെക്കാൻ അദ്ദേഹം പാടുപെട്ടിട്ടുണ്ട്. ഈ കവിതയെഴുതിയതിന്നുശേഷം പിന്നെയും ദശകങ്ങളുരുണ്ടു പോയിക്കഴിഞ്ഞു. പിഞ്ഞിപ്പോയ കുപ്പായം പേർത്തും പേർത്തും തുന്നിച്ചേർക്കുന്ന കുമ്മിണിയാണ് ഇന്നും ജനം. അയ്യഞ്ചുകൊല്ലം കൂടുമ്പോൾ കുമ്മിണിയുടെ ഇറങ്ങിപ്പോക്ക് എന്ന നാടകം നാം കാണാറുണ്ട്. ചിലപ്പോൾ അതിന്നു മുമ്പേയും. ചൂട്ടു കൊണ്ടെത്തുന്നവന് കുമ്മിണി തന്റെ ഒരേയൊരു ശക്തിയായ വോട്ടു നൽകുന്നു. അവനത് അർഹിക്കുന്നുണ്ടോ, സംരക്ഷണം നൽകാൻ ശക്തനായ ഭർത്താവായിരിക്കുമോ എന്നു വിവേകപൂർവം ചിന്തിച്ചു നിശ്ചയിക്കാൻ അവൾക്കു കഴിവില്ല. ഇടശ്ശേരിയുടെ കണ്ണുകളിലൂടെ ഇനിയുമെത്രകാലം ഈ കാഴ്ച കാണേണ്ടിവരും?

കുമ്മിണിയുടെ ഈ ഇറങ്ങിപ്പോക്കിനു മറ്റൊരു ധ്വനികൂടിയുണ്ട്. ഇതു കല്യാണമാകുമെന്ന ഭയം കൂടാതെ, കല്യാണംതന്നെയാവുമെന്ന ഉറപ്പോടെ ഇറങ്ങിപ്പോകാൻ കാലം വരണമെങ്കിൽ അർഹതയുള്ളവനെ കണ്ടെത്താനും തെരഞ്ഞെടുക്കാനും കഴിയത്തക്കവണ്ണം അവൾ സ്വാതന്ത്ര്യംനേടണമെന്നതാണത്. ജനായത്തഭരണം ജനതയുടെ ഒരു സ്വയംവരമാണ്. സ്വയംവരം സൗഭാഗ്യപൂർണമാകണമെങ്കിൽ ഉത്തമനായ ഭർത്താവിനെ തെരഞ്ഞെടുക്കാൻ വധുവിനെ ശക്തയാക്കുന്ന വിവേചനശക്തിയും സ്വതന്ത്രചിന്തയും അവൾക്കുണ്ടാവണം. കുമ്മിണിയുടെ അച്ഛനേയും ജ്യേഷ്ഠനേയും നന്നാക്കാൻ കഴിയുമെന്നു തോന്നുന്നില്ല. കുമ്മിണി ഉദ്ബുദ്ധയാകേണ്ടിയിരിക്കുന്നു. സ്വന്തം കാലിൽ നിൽക്കാനുള്ള കരുത്ത് അവൾക്കുണ്ടായിരുന്നെങ്കിൽ അവളുടെ മനസ്സ് അധീരമാകയോ 'കാൽ കല്ലിൽ വെച്ചു കുത്തുക'യോ സംഭവിക്കുമായിരുന്നില്ല. മൂന്നാം യാമത്തിന്റെ അവസാനത്തിൽ അടയാളദീപത്തിന്റെ പിന്നാലെ ഒളിച്ചോടേണ്ടിവരുമായിരുന്നില്ല. നല്ല പകൽവെളിച്ചത്തു തലയുയർത്തിപ്പിടിച്ച് ഇറങ്ങിപ്പോവാൻ കഴിഞ്ഞേനേ. ഭരിക്കപ്പെടുന്ന അധഃസ്ഥവർഗവും സ്ത്രീവർഗവും പ്രബുദ്ധതനേടുന്ന കാലത്തു സ്വയംവരം സാർഥമാകും. അപ്പോഴേ സാർഥമാവൂ.

ഇബ്സന്റെ നോറ വാതിൽ വലിച്ചടച്ച് ഇറങ്ങിയപ്പോൾ ആ ശബ്ദം യൂറോപ്പു മുഴുവൻ മുഴങ്ങിക്കേട്ടു എന്നു പറയാറുണ്ട്. സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ ശബ്ദമായിരുന്നു അത്. ഇടശ്ശേരിയുടെ കുമ്മിണി വാതിൽ പതുക്കെ തുറന്ന് പതുക്കെ ചാരിയിട്ടാണിറങ്ങുന്നത്. നിർബാധം ഉറങ്ങുന്ന 'തത്വശാസ്ത്രങ്ങളെ' ഉണർത്താൻ അവൾക്കു ധൈര്യമില്ല. എങ്കിലും ആ മൂകമായ മുഴക്കം ഇടശ്ശേരിയുടെ കവിത വായിക്കുന്നവരുടെ അന്തഃശ്രോത്രങ്ങൾ കേൾക്കാതിരിക്കയില്ല. ഉറങ്ങുന്ന തത്ത്വശാസ്ത്രങ്ങളെ വെടിഞ്ഞു രണ്ടുംകൽപ്പിച്ച് ഇറങ്ങുന്ന കുമ്മിണിമാർക്കു പകരം വിജയവിശ്വാസത്തോടെ ഇറങ്ങുന്നവരെ സൃഷ്ടിക്കാൻ ആ മുഴക്കം ഉതകും. കവിതയിലൂടെ കവി ദാനം ചെയ്യുന്ന നേത്രവും ശ്രോതവും വേണ്ടുംപോലെ ഉപയോഗിക്കുകയാണെങ്കിൽ.

## പൊരുളറിയുന്ന ഇടയൻ

മനുഷ്യവർഗത്തിന്റെ ചരിത്രം കൊന്നും വെന്നും വളർന്നതിന്റെ ചരിത്രമാണ്. മാനവസംസ്കാരത്തിന്റെ ചരിത്രം രക്തത്തിൽ കുതിർന്നതുമാണ്. എന്നാലും ചേതന ലഭിച്ചതോടെ മനുഷ്യനു വേദനയും ലഭിച്ചിരിക്കയാൽ ഹിംസാഭിരതിയോടൊപ്പം കാരുണ്യവും ആത്മാംശമായി വികസിച്ചുപോ

ന്നിരിക്കണമല്ലോ. പ്രാകൃതചേതനയിൽ ഈ രണ്ടു വാസനകളും കാണും. മിന്നൽ വേഗത്തിൽ പായുന്ന മാനിനെ അമ്പെയ്തു വീഴ്ത്തുമ്പോഴുള്ള രസംപോലെ അതിന്റെ അടയാത്ത കണ്ണിലെ നൊന്തനോട്ടം കാണുമ്പോഴുള്ള ദുഃഖവും അവന്റെ അനുഭവമായിരുന്നിരിക്കണം. കാരുണ്യം ക്രൗര്യം പോലെതന്നെ മനുഷ്യവംശത്തിന്റെ ഒരാത്മാംശമായിരുന്നു. ക്രൗര്യത്തിന്റെ വീര്യം വർധിപ്പിക്കാൻ ബലികർമങ്ങളുതകിയെങ്കിൽ പിന്നീട് കാരുണ്യത്തിന്റെ മാധുര്യം വളർത്താൻ ബലി നിരോധകമായ അഹിംസാസിദ്ധാന്തവും വന്നു. മനുഷ്യവർഗത്തിന്റെ പ്രഭാതത്തിൽ മാതൃഗോത്രങ്ങളാണുണ്ടായിരുന്നതെന്നും ഗോത്രമാതാവ് വർഷംതോറും സഹശായിയെ ബലികൊടുത്തിരുന്നുവെന്നും ബലികർമത്തിനു ശേഷമുള്ള സ്നാനം അവൾക്കു കന്യാത്വം തിരിച്ചുകൊടുക്കുമെന്ന് സങ്കൽപ്പിക്കപ്പെട്ടിരുന്നെന്നും, നിത്യകന്യകയായ ജഗദംബയുടെ പ്രാഗ്‌രൂപം ഇപ്രകാരം ഉർവരതാബലികർമമനുഷ്ഠിച്ചിരുന്ന ഗോത്രമാതാവു തന്നെയാണെന്നും, ഋഗ്വേദത്തിലെ ഉർവശിപുരൂരവസ്സുകൾ ഇതുപോലൊരു ബലിനാടകത്തിലെ കഥാപാത്രങ്ങൾ മാത്രമാണെന്നും സാമൂഹിക ശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും വാദിക്കുന്നുണ്ട്. ക്രൗര്യം ഇപ്രകാരം ചേതനയുടെ ഒരവിഭാജ്യഘടകമായിരുന്നെന്നംഗീകരിക്കുന്നതോടെ, വിരുദ്ധഭാവവും ഒപ്പത്തിനൊപ്പം വികസിച്ചുപോന്നിരിക്കണമെന്നാണിവിടെ സൂചിപ്പിക്കുന്നത്. ബിംബിസാരന്റെ ഇടയൻ ഈ വിരുദ്ധഭാവസത്തകളുടെ പ്രതീകമാണ്. മാനവസത്ത വികസിക്കുക എന്നതിനർഥം ക്രൗര്യത്തിൽനിന്നു കാരുണ്യത്തിലേക്കു നീങ്ങുക എന്നതാണെന്ന് കണ്ടെത്തുകയാണയാളുടെ ജന്മകൃത്യം. ഭിന്നസത്തകളുടെ ഏററുമുട്ടലിൽ സാക്ഷിത്വേന വർത്തിക്കുന്ന സമൂഹാത്മാവുതന്നെയാണ് വസ്തുതകളുടെ ദൃക്സാക്ഷിമാത്രമായ ആ കഥാപാത്രം. അധ്വരത്തിന്റെ ധർമാധർമങ്ങളെക്കുറിച്ച് ചോദ്യം ചെയ്യാനറിയാത്ത ഇടയൻ തന്റെ ധർമമായിക്കാണുന്നത് അജങ്ങളെ യാഗശാലയിലേക്കു നയിക്കൽ മാത്രമാണ്. എന്നാലും ചാകാൻ പോകുന്ന അവ ആത്മാവിന്നു പാഥേയം സംഭരിക്കുംപോലെ കറുകപ്പുൽതല കടിക്കുന്നതും, തള്ളയാട് തന്റെ ഉശിരൻകുഞ്ഞിനൊപ്പവും മുടന്തൻ കുഞ്ഞിനൊപ്പവും നിൽക്കാൻപററാതെ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നതും കണ്ട് അയാളിലുളവാകുന്ന ക്രൂരതകലർന്ന ചിരിയിൽ അനുകമ്പയുടെ നനവും ഇല്ലായ്കയില്ല. ആ ആട് സ്വന്തം അമ്മയുടെ ഓർമയുളവാക്കുന്നു.

‘തന്നെത്തന്നെ തീററകൊടുത്തിവർ
പോററിയെടുപ്പീലാരാരെ?’

എന്നു ചോദിപ്പിക്കുന്നത് അബോധത്തിലുണ്ടായേക്കാവുന്ന ഗോത്രമാതാവല്ല, അബോധമനസ്സിൽ വർത്തിക്കുന്ന സ്നേഹമയിയായ സ്വമാതാവാണ്.

‘എനിക്കുമൊരു മാതുണ്ടായി പണ്ടെന്നെ നൃപന്നു കൊടുത്തപ്പോൾ
കിട്ടിയ വിൽക്കാശപ്പടിയെന്നുടെ കോന്തലയ്ക്കലുടക്കിയവൾ
അവൾക്കു കുളിരിനു കമ്പിളിനേടിപ്പിന്നീടെന്നോ ഞാൻ ചെൽകേ
ഒരട്ടിമണ്ണു പുതച്ചുകിടപ്പൂ; വീടാക്കടമേ മമ ജന്മം.’

ആ ആടിൽ സ്നേഹമധുരമായ മാതൃത്വം എന്ന ഭാവത്തിന്റെ മൂർത്തിയെ ദർശിക്കുന്നതോടെ മാതൃത്വം ഏററെടുക്കുന്ന ത്യാഗത്തെക്കുറിച്ചും അതിന്റെ കൃതജ്ഞതാതീതത്വത്തെക്കുറിച്ചും അയാൾ ഓർത്തുപോകുന്നു. തന്നിലുള്ള മൃദുലത ഉണരുന്നു. അതിനാൽ ആ മുടന്തനാടിനെ ചുമലിലേററി നടന്ന ബുദ്ധനോട് അപ്പോഴേ ആദരം തോന്നി. ഒടുവിൽ അദ്ദേഹം കൊലയെ വിലക്കുകയും കൊടുക്കുവാനരുതാത്തതെടുക്കരുതെന്നു ശാസിക്കുകയും ചെയ്തതോടെ തന്റെ ഉയിരിൽ പുതിയൊരു കുളിർ വിരിയുന്നതായി അയാൾക്കു തോന്നി. ആ അനുഭവത്തിലുമുണ്ട് അമ്മയെക്കുറിച്ചുള്ള ഓർമ.

‘ഞാൻ നുകരുന്നു നിൻദയയെപ്പണ്ടമ്മിഞ്ഞപ്പാലതുപോലെ’

ഋത്വിക്കുകളോ, രാജാവോ, താൻതന്നെയോ ആ അഹിംസാ പ്രവാചകനെ ശരിക്കും അറിഞ്ഞിട്ടില്ലെന്നും അദ്ദേഹത്തെ ശരിക്കറിഞ്ഞവർ ആ അജയൂഥങ്ങളാണെന്നുംകൂടി ഇടയനു പറയാനുണ്ട്. കാരുണ്യത്തിന്റെ ഭാഷ അവർക്കേ മനസ്സിലാകൂ. അവർക്കാണ് അതാവശ്യമെന്നതിനാൽ ഹിംസയിൽനിന്നു നേട്ടമുണ്ടായിരുന്ന കൂട്ടർക്ക് ഹിംസ വിലക്കിയവനോട് താൽക്കാലികമായി അജ്ഞേയതയോടുള്ള ഭയാദരങ്ങളുണ്ടാവാമെന്ന് മാത്രം. ഉള്ളിൽ പക ശേഷിക്കും. വാഴ്ത്തുന്ന കൂട്ടർക്കാകട്ടെ വാഴ്ത്തുന്നതിൽനിന്നു ലാഭവും. ഈ കവിത ഒരന്യാപദേശം കൂടിയാണെന്നു വ്യക്തമാക്കേണ്ടതുണ്ട്. ഇതിൽ പറയപ്പെട്ട ഹിംസ അധഃസ്ഥരുടെ നേർക്കുണ്ടായിരുന്ന മർദന ചൂഷണ വിവേചനാദികളും ഇതിലെ രാജാവ് ഉയർന്ന വർഗക്കാരും ഒരു വിഭാഗം ഋത്വിക്കുകൾ അവരുടെ വൈതാളികന്മാരായിരുന്ന കവിചിന്തകാദികളും മറെറാരു വിഭാഗം ഒട്ടും മാറാൻ കൂട്ടാക്കാത്ത യാഥാസ്ഥിതികരും, ബുദ്ധൻ ഈ യുഗത്തിലെ അഹിംസാപ്രവാചകനും തന്നെയാണ്. അജ്ഞേയതയെ പേടിക്കുന്നവരായിരുന്നു യാഥാസ്ഥിതികരായിരുന്നിട്ടും നവയുഗബുദ്ധനെ അംഗീകരിക്കുന്നുവെന്ന് ഭാവിച്ചവർ. അവർ പകവെച്ചു എന്നതെത്ര ശരിയായി! ഉള്ളുകൊണ്ട് അസ്പൃശ്യതയും വിവേചനവും വിടാതെ പിടിക്കുകയും പുറമേക്കു മറിച്ചുദ്ഘോഷിക്കുകയും ചെയ്തവർ ലാഭാന്വേഷിക

ളായിരുന്നുവെന്നതും ശരിതന്നെ. ആത്മോൽകർഷം നേടിയവർക്കു മാത്രമേ ശരിക്കും അദ്ദേഹത്തെ അറിയാൻ കഴിയുമായിരുന്നുള്ളൂ. ഈ അന്യാപദേശംകൊണ്ടുള്ള കാലികമൂല്യമില്ലെങ്കിൽതന്നെയും നേരത്തെ സൂചിപ്പിച്ച വികാസതത്വശാസ്ത്രം കൊണ്ടുതന്നെ ഇതു ശ്രദ്ധേയമായിത്തീരുന്നു. ഇതിന്നിങ്ങനെ കാലികമായ ഒരു മുന കൂടിയുണ്ടെന്ന് ഒററനോട്ടത്തിൽ തോന്നുകയില്ല. അതുകൊണ്ടായിരിക്കണം, കവി അതിന്നൊരു മുഖവുര എഴുതിച്ചേർത്തത്. വർണശ്രേണിയിൽ മുകൾത്തട്ടുകാരായ ബ്രാഹ്മണക്ഷത്രിയാദികൾക്കും അർത്ഥശ്രേണിയിൽ മുകൾത്തട്ടുകാരായ കൂട്ടർക്കും ഗാന്ധിയോടുണ്ടായിരുന്ന ഭക്ത്യാദരങ്ങളിൽ കലർപ്പുണ്ടായിരുന്നു. യൂപത്തിൽനിന്ന് മോചിക്കപ്പെട്ട ഹരിജനങ്ങൾക്കേ അകംനിറഞ്ഞ ഭക്തിയുണ്ടായിരുന്നുള്ളൂ. ഗാന്ധിദർശനത്തെ പാടിപ്പുകഴ്ത്തിയവർപോലും ഉള്ളിന്റെ ഉള്ളിൽനിന്ന് അധഃസ്ഥിതത്വത്തോടുള്ള ക്രൗര്യത്തേയും തുടച്ചുകളയാൻ ശക്തരായിരുന്നില്ല. 'ബിംബിസാരന്റെ ഇടയൻ' ഈ വസ്തുതയെ നിർമമമായി അപഗ്രഥിക്കുന്ന കവിതതന്നെയാണ്. അർഥശ്രേണിയിൽ താഴത്തെപ്പടിയിൽ ജനിച്ചു വളർന്നതുകൊണ്ടും, മേലേപ്പടിയിലുള്ളവരുടെ അകത്തളങ്ങളിൽ പ്രവേശിക്കാനും വസ്തുതകൾ കണ്ടറിയാനും സന്ദർഭങ്ങൾ കൈവന്നതുകൊണ്ടുമാണ്, യജ്ഞം നടത്തുന്നവരുടെ ആജ്ഞാനുവർത്തിയായിരിക്കേ ഹോമിക്കപ്പെടാനുള്ളവരുടെ ദൈന്യം അറിയാനും രക്ഷകൻ പ്രത്യക്ഷനാവുമ്പോൾ നിർവ്യാജമായി പൂജിക്കാനും കഴിയുന്നത്. ഹിംസ കണ്ടുകണ്ട് മരവിച്ച മനസ്സ് നിർമമമായ ചിരിയും സിനിസിസവും ഊടും പാവുമാക്കി നെയ്ത ഒരാവരണമണിയുന്നു. ദിവ്യമായ കാരുണ്യത്തിന്റെ അപ്രതീക്ഷിതമായ കവിഞ്ഞൊഴുക്ക് ആവരണത്തിന്റെ നിർലിപ്തത നീക്കി ആത്മാവിനെ ആർദ്രതയിൽ മുക്കുന്നു.

## പൂതപ്പാട്ടും കാവിലെ പാട്ടും

ക്രൗര്യത്തിൽ നിന്നു കാരുണ്യത്തിലേക്ക് എന്ന വികാസപ്രക്രിയയെ അവതരിപ്പിക്കുമ്പോൾ അതു മാതൃസ്മരണയിലൂടെ സാധിക്കുന്നു എന്നതു ഇടശ്ശേരിയുടെ കാവ്യാത്മാവിന്റെ വികാസത്തിൽ അർഥവത്താണ്.

ഇടശ്ശേരിയുടെ മാതൃത്വേതിഹാസങ്ങളെന്നു വാഴ്ത്തപ്പെട്ടിട്ടുള്ള 'പൂതപ്പാട്ടും' 'കാവിലെ പാട്ടും' ഈ ദർശനത്തിന്റെ സാക്ഷാൽക്കാരങ്ങളാണ്. രണ്ടിലുമുള്ള മാതൃമുഖങ്ങൾ ശ്രദ്ധിക്കുക. രണ്ടിലുമുണ്ട് ഓരോ സ്ത്രീകഥാപാത്രദ്വന്ദ്വം. പെററമ്മയാകാത്ത, രക്തദാഹം പൂണ്ട, ഒരു നിത്യകന്യക: ഈററുനോവറിഞ്ഞ ത്യാഗിനിയും വത്സലയുമായ ലൗകികമാതാവ്, ക്രൗര്യത്തെ കാരുണ്യമാക്കി മാററുന്നതു ലൗകികമാതാവിന്റെ ത്യാഗശക്തിയും. പൂതപ്പാട്ടിന്റെ ലൗകികമാതാവിന് ഉണ്ണി നഷ്ടപ്പെടുന്നില്ല. കാവിലെപ്പാട്ടിൽ ഒരു കഠോരബലി നടക്കുന്നു. കാവിലെപ്പാട്ടിലെ നിത്യകന്യകയായ ജഗദംബയും പൂതപ്പാട്ടിലെ പൂതവും ആരാധ്യതയുടെ മാനത്തിലൂടെ അളക്കുകയാണെങ്കിൽ വിഭിന്നരാണ്. പൂതത്തിന് കൊയ്ത്തുകഴിഞ്ഞാൽ അതിൽനിന്ന് ഒരു ചെറിയ പങ്കിന്ന് അവകാശം കിട്ടത്തക്കവണ്ണമുള്ള സംപൂജ്യതയേയുള്ളൂ. കാവിലെപാട്ടിലെ മാതൃദേവതയാകട്ടെ കാവുകൾതോറും വെച്ചുപൂജിക്കുന്ന സർവാരാധ്യയായ ദേവിയാണ്. എന്നാൽപ്പോലും ഉൽപ്പത്തിസ്വഭാവത്തെ സംബന്ധിച്ചിടത്തോളം ഇവർ ഒന്നുതന്നെയാവാനിടയുണ്ട്.

മാതൃവഴി സമൂഹഘടന ഈ അടുത്ത കാലത്തോളം നിലനിന്നുപോന്ന, മുഴത്തിനു മൂന്നുവീതം ദേവീക്ഷേത്രങ്ങളും കാവുകളും ഉള്ള കേരളത്തിൽ വർഗബോധസ്മരണയെ ഉദ്ദീപ്തമാക്കുന്ന ഒന്നായിരിക്കും ഈ വകുപ്പിൽപ്പെട്ട കാവ്യേതിവൃത്തങ്ങൾ. പൂതപ്പാട്ടിന്റെയും കാവിലെ പാട്ടിന്റെയും മാസ്മരശക്തിക്കുള്ള പല ഹേതുക്കളിൽ ഒന്ന് ഇതായിരിക്കാനിടയുണ്ട്. പൂതപ്പാട്ട് കുട്ടികളോടുള്ള ആഖ്യാനമെന്ന നിലയിൽ രൂപപ്പെടുത്തിയിരിക്കുന്നതിനാൽ അതിന്റെ മാസ്മരശക്തി കൂടിയിട്ടുണ്ട്. ശൈശവമനസ്സും പ്രാകൃതമനസ്സും തുല്യമാണ്. നമ്മിലൊളിഞ്ഞിരിക്കുന്ന പ്രാകൃതമനസ്സിനെ ഉണർത്താൻ ശൈശവത്തോടുള്ള ഭാഷണത്തിന്റെ രൂപം സഹായിക്കുന്നു.

ഇതിലെ പൂതം

'പറയന്റെ കുന്നിന്റെയങ്ങേച്ചെരിവിലെ–

പ്പാറക്കെട്ടിന്നടിയിൽ' വസിക്കുന്നു. പ്രാക്ചരിത്രജനവർഗാവശിഷ്ടങ്ങളുടെ മാതൃദേവതയാണവൾ എന്ന തോന്നൽ നിർമൂലമല്ലതന്നെ. ഈ പൂതത്തിൽത്തന്നെ പിൽക്കാലത്തെ യക്ഷിസങ്കൽപ്പവും വിലയിച്ചിട്ടുണ്ട്.

'നേരവും നിലയും വിട്ടാവഴിപോം ചെറുവാല്യ–
ക്കാരെയിവളാകർഷിച്ചതിചതുരം
ഏഴുനിലമാളികയായ്ത്തോന്നും കരിമ്പന–
മേലവരെക്കേററിക്കുരലിൽ വെക്കും
തഴുകിയുറങ്ങീടുമത്തരുണരുടെയുപ്പേറും
കുരുതിയിവൾ നൊട്ടിനുണച്ചിറക്കും'

ഗോത്രമാതാവു നടത്തിയിരുന്ന നരബലിയുടെ അബോധസ്മരണയായാലും അല്ലെങ്കിലും തരുണരക്തപാനത്തിൽ ഇവർക്കൊക്കെയുള്ള ലഹരി സമാനമാണ്. കാവിലെ പാട്ടിൽ കാഞ്ചനപ്രതിമ പോലെയുള്ള ഓമനക്കുമാരനോടാണവൾ.

'ചോര വീഴ്ത്തി ചോര വീഴ്ത്തി-
ത്തർപ്പണം ചെയ്തീയെൻ
ക്രൂരദാഹം പോക്കുക'

എന്നാജ്ഞാപിക്കുന്നത്.

ഈ കൃതിയിലെ പൂതമാകട്ടെ, ആര്യവർഗത്തിന്റെ വകയായ സംസ്കരണം ലഭിച്ചിട്ടില്ലെങ്കിൽപ്പോലും ഉണ്ണിയുടെ ദർശനത്തിൽ ആർദ്രചിത്തയായിത്തീരുകയാണ്. ആററിൻവക്കത്തെ മാളിക വീട്ടിൽ ആററുനോററു പിറന്ന ഉണ്ണിയുടെ ഓമനത്തത്തിന്റെ വർണന നാടൻശൈലികൊണ്ടും നൈസർഗികതകൊണ്ടും അകൃത്രിമ ഗാനഭംഗികൊണ്ടും 'അയത്നസിദ്ധോത്തമമാധുരിത്തഴപ്പ്'' ആയിത്തീർന്നിരിക്കുന്നു. ഉണ്ണി എഴുത്തുപഠിക്കാൻ ഓലയും നാരായവും എടുത്ത് എഴുത്തുപള്ളിയിലേക്കു പോകുംവഴിക്കാണ് പറയന്റെ കുന്നിലെ മറേറച്ചരിവിലേക്കിറങ്ങിയത്.

'ആററിലൊലിച്ചെത്തുന്നുമാമ്പലപ്പൂപോലെ-
യാടിക്കുഴഞ്ഞെത്തുമമ്പിളിക്കലപോലെ
പൊന്നുംകുടംപോലെ പൂവമ്പഴംപോലെ
പോന്നുവരുന്നോനെക്കണ്ടു പൂതം.
പൂതത്തിന്നുള്ളിലൊരിക്കിളി തോന്നി
പൂതത്തിന്മാറത്തു കോരിത്തരിച്ചൂ

ഓരോമനപ്പെൺകിടാവായി പൂത്തമരച്ചോട്ടിൽനിന്ന് അവൾ ഉണ്ണിയോടിങ്ങനെ കൊഞ്ചി;

'പൊന്നുണ്ണീ പുങ്കരളേ പോന്ന-
ണയും പൊൻകതിരേ
ഓലയെഴുത്താണികളെക്കാട്ടിലെ-
റിഞ്ഞിങ്ങണയൂ.'

ആദ്യം ഉണ്ണി വഴങ്ങിയില്ലെങ്കിലും അവൾ പ്രലോഭിപ്പിച്ചു കീഴടക്കി. അമ്മ ആററിൻകരയിലും പാടത്തും കാട്ടിലും മേട്ടിലും ഉണ്ണിയെ തേടിത്തിരഞ്ഞു നടന്നു. പേടിപ്പിച്ചോടിക്കാൻ വേണ്ടി പൂതം ചുഴലിക്കാററായിചെന്നു. അമ്മ കുററിപോലെ നിന്നു. കാട്ടിതീയായിച്ചെന്നു, അമ്മ കണ്ണീരുകൊണ്ടാക്കെ കൊടുത്തു. നരിയായും പുലിയായും ചെന്നു. ' ഉണ്ണിയെത്തരൂ' എന്ന ഒരേ നിൽപ്പു നിന്നു അമ്മ. ഉണ്ണിക്കുപകരം, ഒടുങ്ങാത്ത പൊന്നും രത്നങ്ങളുമുള്ള നിധി കാട്ടിക്കൊടുത്തു, പൂതം. അമ്മ തന്റെ രണ്ടു കണ്ണും ചൂഴ്ന്നെടുത്ത് അതിന്റെ മുൻപിൽ വെച്ചു. ഇതിലും വലുതാണ് തന്റെ പൊന്നാമനയെന്നായി. തെച്ചിക്കോലു പറിച്ചു മന്ത്രം ജപിച്ച് ഒരു ഉണ്ണിയാക്കി പൂതം അമ്മയ്ക്കു കൊടുത്തു. കണ്ണില്ലാത്ത അമ്മ ഉണ്ണിയെ തൊട്ടുതലോടി കാര്യമറിഞ്ഞു.

'പെററവയററിനെ വഞ്ചിക്കുന്നൊരു
പൊട്ടപ്പൂതമിതെന്നുകയർത്താൾ
താപം കൊണ്ടു വിറയ്ക്കെക്കൊടിയൊരു
ശാപത്തിന്നവൾ കൈകളുയർത്താൾ'

പൂതം ഉണ്ണിയെ വിട്ടുകൊടുത്തു. തന്നെ ശപിക്കാതിരിക്കാൻ കാഴ്ചയ്ക്കുള്ള ശക്തിയും കൊടുത്തു. ഉണ്ണിയെ പിരിയുന്ന പൂതത്തിന്റെ ദുഃഖം അമ്മയെ ആർദ്രഹൃദയയാക്കി. കൊല്ലംതോറും മകരക്കൊയ്ത്തു കഴിഞ്ഞാൽ ഉണ്ണിയെക്കാണാൻ വരണമെന്നു ക്ഷണിച്ചു. വീടേതെന്ന് പൂതം ചോദിച്ചില്ല. അമ്മ പറഞ്ഞുമില്ല. 'മറന്നതുകൊണ്ടോ കണ്ടാൽ തന്റെ കിടാവിനെ വീണ്ടും കൊണ്ടോടിപ്പോമെന്നു ഭയന്നോ! തിട്ടമതാർക്കറിയാം?' അങ്ങനെ പൂതം കൊല്ലംതോറും ഓരോ വീട്ടിലും കയറിയിറങ്ങുന്നു.

'കാവിലെ പാട്ടി'ലെ ദാരുണദുരന്തവേദന ഇതിന്നില്ല- ഇതിലെ പൂതം മാതൃമാധുര്യത്തിനു വേണ്ടി ദാഹിക്കുന്ന ഒരു ഹൃദയത്തിന്റെ ചിരന്തവേദനയ്ക്കു പ്രതീകമാണെങ്കിലും, ക്രൗര്യത്തെ കാരുണ്യത്തിലേക്കു വികസിപ്പിച്ചെടുക്കാൻ ത്യാഗത്തെ, ആത്മബലിയെ, മാർഗമാക്കുന്ന ദർശനത്തോടു കവിക്കുള്ള ഈ ആത്മീയാകർഷം ജീവിതത്തിനുള്ള മൗലികമായ സംഹാരാത്മകതയ്ക്ക് ഒരൊററ മൂലിക തേടാനുള്ള ത്വരയുടെ പരിണതഫലമാണ്. കാവിലെ പാട്ടിൽ വെളിച്ചപ്പാടുതലവെട്ടിപ്പൊളിക്കുന്നതിനു നൽകിയ വ്യാഖ്യാനം മാത്രം (ദേവി കോടി കോടി പ്രപഞ്ചത്തിൽ കുളിർതണലായ് മാറിയ കഥയിൽ പാപഭാരം ഏറെറടുക്കാൻ എന്ന ക്രൈസ്തവ സങ്കല്പം കലർത്തിയത്) കൂട്ടിച്ചേർത്താണ്. ഈ ജീവിതദർശനമാണ് ഇന്നലെയുടെ അനുഭൂതികൾക്ക് ചില ചാലുകൾ കീറിക്കൊടുക്കുന്നതും. മനുഷ്യന്റെ ബോധമനസ്സിലുള്ള സ്നേഹശീതളയായ അമ്മയും വർഗാവബോധത്തിൽ കുടികൊള്ളുന്ന ഭീഷണയായ അമ്മയും കൂടിച്ചേർന്ന് ഒന്നായിത്തീരുകയും പ്രപഞ്ചത്തിനു കുളിർ തണ

ലേകുന്ന മാതൃഭാവം മാത്രം ആ സങ്കരചൈതന്യത്തിന്റെ വ്യക്തിത്വമായിത്തീരുകയും ചെയ്യുന്നു.

കാളിയിലെന്നല്ല, അതുപോലെ രൗദ്രമൂർത്തിയായ ഒരു ദേവതയിലും, എന്നുവേണ്ട സൗമ്യമൂർത്തികളെന്നു കരുതിവരുന്ന ദേവതകളിലും ഒന്നും വിശ്വസിക്കാത്ത ഒരു യുക്തിവാദിയെപ്പോലും തരളിതചിത്തവൃത്തിയാക്കാൻ ഈ 'കാവിലെപാട്ടി'നു കഴിഞ്ഞെന്നുവരും.

എന്തെന്നാൽ മുൻപറഞ്ഞതുപോലെ ആ ദേവതയിൽ ഭക്തിയുണ്ടാകേണ്ടതോ ബോധമനസ്സിന് വിശ്വാസമുണ്ടാകേണ്ടതോ കാവ്യാസ്വാദനത്തിനൊരാവശ്യമല്ല. വിശ്വാസ്യമല്ലാത്ത ഒന്ന് ആസ്വാദ്യമാകുന്നതെങ്ങനെ? സമഷ്ടിബോധത്തിന്റെ ഒരംശമായ വ്യഷ്ടിബോധത്തിൽ നിദ്രാണമായിക്കിടന്നിരുന്ന ആദിരൂപം പെട്ടെന്നുണരുമ്പോഴുള്ള ജന്മഗേഹപുനർദർശനാനുഭൂതികൊണ്ടു തന്നെ. കരുണാമയിയായ ജഗദംബികയായും സംഹാരാത്മികയായ ക്രൗര്യമൂർത്തിയായും അബോധമനസ്സിന്റെ ഉൾക്കാമ്പിൽ കുടികൊള്ളുന്ന ആ ആദിരൂപത്തിന്റെ ഈ വിരുദ്ധഭാവങ്ങളെ മാറിമാറി ആവിഷ്കരിച്ച് അബോധതലത്തിന്റെ അടിത്തട്ടിൽനിന്ന് അതിനെ ആവാഹിച്ചുകൊണ്ടുവരാൻ വേണ്ടും വണ്ണം കവി പശ്ചാത്തലം സജ്ജീകരിക്കുന്നു. അറുത്തെടുത്ത ശിരസ്സാകുന്ന രുദ്രാക്ഷം കോർത്തു മാലയണിയുന്നവൾ, കൂപ്പുകൈമൊട്ടുകളെക്കൊണ്ടു മാലയണിയുന്നവൾ, സുരഭിലപ്പൂവല്ലിപോലെ കുളിർചൊരിയുന്നവൾ, ആയിരം കഴുത്തറുത്ത് ചോരകുടിച്ച ക്രോധമൂർത്തി, കോടികോടി പ്രപഞ്ചത്തിന്റെ കുളിർതണൽ – ഈ ദ്വന്ദ്വഭാവത്തെ ആവർത്തിച്ചാവർത്തിച്ചാമന്ത്രണം ചെയ്യുന്നത് ആവാഹനപ്രക്രിയയ്ക്ക് മന്ത്രശക്തി നൽകുന്നു. ഭിന്നവർണചൂർണങ്ങൾകൊണ്ടു കളമെഴുതി വിദഗ്ധ ചിത്രകാരന്മാർ ഭദ്രകാളിയുടെ ചൈതന്യം പൂർണചിത്രത്തിൽ സഞ്ചയിക്കാറുണ്ടല്ലോ. അതുപോലെ കാവിലെപാട്ടിൽ താലപ്പൊലിയുടെ വർണനം ആവാഹനപ്രക്രിയയ്ക്കുള്ള ബാഹ്യസാമഗ്രികളുടെ കൃത്യം നിർവഹിക്കുന്നു.

'മൺകുടത്തിൽ മദകരമാം മധുതുളുമ്പിടുന്നു
പൊൻകുടത്തിൽ പൂക്കുലകൾ പൊട്ടിവിരിയുന്നു
കളമധുരദ്യുതി കഴുകിക്കളമെഴുതിത്തീർത്തു
നിറപറയും കതിർചൊരിയും നിലവിളക്കും വെച്ചു
ചെകിടടയും വെടികളോടെ ചെണ്ടമേളം താക്കീ
ചേലിയലും പെൺകൊടിമാർ താലവും നിരത്തീ
സമയമായീ സമയമായീ തേരിറങ്ങുകംബേ
സകലലോകപാലനൈക സമയമതാലംബേ'

ആസ്വാദകന്റെ ബോധമനസ്സ് കാളിക്കു തേരിറങ്ങാനുള്ള പീഠമായി മാറുന്നു. അങ്ങനെ കാളി തേരിലിറങ്ങിയ അന്തരംഗത്തിലാണ്, സമൂഹബോധത്തിലെ ആദിരൂപം ഉദിച്ചുയർന്ന് തരളദ്യുതി ചിതറുന്ന ബോധമണ്ഡലത്തിലാണ്, നിഗ്രഹണശക്തിയെ അനുഗ്രഹശക്തിയാക്കി മാററിയ ആ കഥയുടെ ചുരുൾ നിവരുന്നത്.

പതിന്നാലു വസന്തം മാത്രം കണ്ട ആ കുമാരതരുണന്റെ പ്രഫുല്ലകാന്തി ആ നിത്യകന്യകയെ ഉൽഭ്രാന്തയാക്കിത്തീർക്കുന്നു. അവളുടെ സംഹാരാത്മകമായ, ഉഗ്രമായ, കാമോപഭോഗം ഒരുവശത്ത്; അവന്റെ ആത്മസമർപ്പണവും അമ്മയുടെ സർവസ്വത്യാഗവും മറുവശത്ത്. അവളുടെ കാമക്രോധങ്ങൾ ഉഗ്രമായിത്തീരുന്നത് നിണതൃഷ്ണയായി വളരുന്നത് അതു സ്നേഹവാത്സല്യങ്ങളെക്കൊണ്ട് ആർദ്രമാകാഞ്ഞതിനാലാണ്. ഹനനമാത്രചരിതയായ 'നിത്യകന്യക' നിണഭോഗതൃഷ്ണകൊണ്ട് കലിതുള്ളുന്നു; ഏഴുകൊല്ലം മുലപ്പാലൂട്ടിയ അമ്മയുടെ ഹൃദയമാകട്ടെ ശോകോഷ്മളമായ ത്യാഗതൃഷ്ണകൊണ്ട് തിളച്ചുമറിയുന്നു. ആ അഗ്നിപർവതം കൂടി ഈ ഊഷ്മള പ്രവാഹത്തിൽ കെട്ടടങ്ങിപ്പോകുന്നു. ആരബ്ധയൗവനന്റെ ആത്മസമർപ്പണത്തിന്റെ കഠോരതപോലും കലിപൂണ്ട, ഈററുനോവെന്തെന്നറിയാത്ത, നിത്യകന്യകയുടെ അന്തരംഗത്തിൽ ആർദ്രതയുടെ ഉറവ പൊട്ടിക്കാൻ ശക്തമായില്ല. എന്നാൽ, മകന്റെ ആത്മബലികൊണ്ട് സാധിക്കാത്തകാര്യം അമ്മയുടെ ബലികൊണ്ട് സാധിച്ചു. പൂതപ്പാട്ടിൽ ഉണ്ണിയെ നേടാൻ വേണ്ടി സ്വന്തം കണ്ണുകൾ പറിച്ചെടുത്ത് പൂതത്തിന് കാഴ്ചവയ്ക്കുകയാണ് പെററമ്മ. 'കാവിലെ പാട്ടി'ൽ ദേവിയുടെ കാൽക്കൽ ശിരസ്സറുത്തു അർപ്പിച്ച മകനെച്ചൊല്ലി ഊററംകൊള്ളുന്ന അമ്മ സ്വാത്മാവിനെത്തന്നെ പറിച്ചെടുത്ത് ഹോമിക്കുകയാണ്. ആത്മബലി തൃഷ്ണയും സമൂഹാവബോധത്തിലെ ഏററവും മൗലികമായ ഭാവങ്ങളിലൊന്നുമാണ്. രക്തം കുടിക്കാനുള്ള തൃഷ്ണപോലെ ശക്തിമത്താണ് രക്തം കൊടുക്കാനുള്ള ആവേശവും.

ഭക്തന്റെ തലവെട്ടിപ്പൊളിക്കൽ എന്ന ആത്മസമർപ്പണച്ചടങ്ങിനെ (വെളിച്ചപ്പാടിന്റെ കലിതുള്ളലും വാളുകൊണ്ടു സ്വന്തം തലയ്ക്കുവെട്ടലും) 'കാവിലെപാട്ടിൽ' ദേവിയുടെ സ്വയം പീഡനമായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഹനനമാത്രചരിതയായ നിത്യകന്യ ആയിരം കഴുത്തറുത്തു ചോര കുടിച്ചപ്പോഴല്ല, കശ്മലരുടെ ദുർന്നയങ്ങളുടെ നേർക്കുയർന്ന കൊടുവാൾ സ്വന്തം ശിരസ്സിൽ തന്നെ വീഴ്ത്തുകയും കോടികോടി പ്രപഞ്ചത്തിന്റെ കുളിർതണലായി സ്വയം മാറുകയും ചെയ്തപ്പോഴാണ് ജഗന്മാതാവായി ഉയർന്നത് എന്നാണ് 'കാവിലെപാട്ടി'ന്റെ ധ്വനി. സമൂഹത്തിന്റെ ദുരിത

ങ്ങളെക്കുറിച്ച് എപ്പോഴും ബോധവാനായിരിക്കയും അവയുടെ നിർമാർജനത്തിനുവേണ്ടി കുരിശുയുദ്ധം നയിക്കാൻ സന്നദ്ധനാകുകയും ചെയ്യുന്ന ഒരു ബഹിർമുഖകവി മാത്രമേ, അന്തർദർശനജന്യമായ ഇത്തരമൊരു പ്രമേയത്തിനു ബഹിർമുഖമായ ഈ വികസ്വരചക്രവാളം പരിധിയാക്കാൻ തുനിയൂ. 'കാവിലെ പാട്ടി'ന്റെ ഉദയപക്ഷ വശീകരണത്തിന്റെ രഹസ്യം ഈ ഉദ്ഗ്രഥനമായിരിക്കാം. അതിന്റെ വശ്യശക്തിയുടെ മറെറാരു രഹസ്യം ഗാനലയമാണ്. മായികവും പൗരാണികവും അദ്ഭുതാത്മകവുമായ ഒരന്തരീക്ഷം, സുവിദഗ്ധമായി നാദതാളലയവിധാനം നിർവഹിച്ച കുറത്തിപ്പാട്ടുകൊണ്ടുതന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞിരിക്കുന്നു.

വ്യത്യസ്തമായ ഒരു പ്രതികരണം 'കാവിലെപാട്ടി'ൽ നിന്നുളവാകുന്നുണ്ടെങ്കിൽ, ആ സപ്തഭാവോന്മീലനത്തിനു കൂടുതൽ ആഴവും വ്യാപ്തിയും നൽകുന്ന മറെറാരു മാനമുണ്ടെന്നു പറയേണ്ടിവരും. അതാണ് ആദിരൂപോദയം. ആ ഉദയവേളയിൽ, ചന്ദ്രോദയത്തിൽ അംബുരാശിയിലെന്നപോലെ, ആസ്വാദകമനസ്സിൽ ഒരു വേലിയേററം ഉളവാകുന്നു. ഉള്ളിന്റെ ഉള്ളിൽ നിന്നൊരു വിളി ഉയരുന്നു. അതു രക്തത്തിന്റെ വിളി, ആത്മാവിന്റെ വിളി, തന്നെയാണ്. തള്ളപ്പശുവിന്റെ വിളികേട്ട്, കെട്ടിയ കുററി പറിച്ചോടുന്ന പൈക്കുട്ടിയെപ്പോലെ നമ്മുടെ മനസ്സ് അങ്ങോട്ടു കുതിക്കുന്നു. യുക്തിവാദികളുടെ യുക്തിവിചാരത്തിന്റെ കുററി പറിയുന്നു, കയറഴിയുന്നു. ആസ്വാദനത്തിന് യുക്തിബോധം ഒരു പ്രതിബന്ധമല്ലാതായിത്തീരുന്നു. ഈ അനുഭവം സാർവജനീനമാണെന്നൊന്നും വാദിക്കുന്നില്ല. 'കാവിലെപ്പാട്ട്' വായിച്ചിട്ട് ഒരിക്കലും ഒരു കോരിത്തരിപ്പ് അനുഭവപ്പെടാത്തവരുമുണ്ടാവാം. എന്നാൽ, കാവിലെ പാട്ടു പാടുമ്പോഴൊക്കെ, ഭാവസ്ഥിരമായ ഒരു ജനനാന്തര സൗഹൃദത്തിന്റെ സ്മരണ ചേതസിൽ അബോധപൂർവമായി ഉദിച്ചതുകൊണ്ടെന്നപോലെ മധുരാസ്വാസ്ഥ്യമനുഭവിക്കുകയും മറന്നേപോയിരുന്ന മാതൃഗേഹത്തിന്റെ മണിമുററത്തേക്ക് മാസ്മരശക്തിയോടുകൂടിയ ഒരു ദിവ്യസംഗീതത്തിലൂടെ ഒഴുകിയൊഴുകി എത്തിച്ചേർന്നാലെന്നപോലെ നിർവൃതിയിൽ മുഴുകുകയും ചെയ്യുന്നവരുമുണ്ടാവും. അവർ പറയും: ഇതാ ഒരു കവിത.